സാഹിത്യവാരഫലം

1990/03/25 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/03/25-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



ഒ. എൻ. വി.

കുട്ടിക്കാലം. ഞാൻ വാരാപ്പുഴക്കായലിന്റെ കരയിൽനിന്ന് തടാകത്തിൽ കളിവള്ളമൊഴുക്കുകയായിരുന്നു. ആ കടലാസ്സ് വഞ്ചിയിൽ ഞാൻ തൊട്ടാവാടിപ്പൂക്കൾ നിറച്ചിരുന്നു. വള്ളം മെല്ലെ നീങ്ങുമ്പോൾ അതിന്റെ തൊട്ടടുത്ത് സ്വർണ്ണപ്രഭ. കൗതുകത്തോടെ ഞാൻ നോക്കിയപ്പോൾ കണ്ടത് ഒരു കൊച്ചു സ്വർണ്ണമത്സ്യത്തെയാണ്. കമ്പുവല നാട്ടി കായലിലെ കരിമീനൊക്കെ പിടിച്ചെടുക്കുന്ന ഒരു വൃദ്ധന്റെ സുന്ദരിയായ മകൾ—വിളവഞ്ചി എന്നാണ് ഞങ്ങൾ ആ യുവതിയെ വിളിച്ചിരുന്നത്—കമ്പിന്റെ അറ്റത്തു കെട്ടിയ കൊച്ചുവലയുമായി തെല്ലകലെ നില്ക്കുകയായിരുന്നു. ഞാൻ അവരെ വിളിച്ചു സ്വർണ്ണമീനിനെ കാണിച്ചുകൊടുത്തു. അതിവിദഗ്ദ്ധയായ ആ ചെറുപ്പക്കാരി ഒരു നിമിഷം കൊണ്ട് ആ മത്സ്യത്തെ വലയിൽ പിടിച്ചെടുത്തു. കരയിലിട്ട ആ മീൻ കുറെനേരം പിടച്ചു. പിടച്ചമീൻ കാഴ്ചയ്ക്കു സുന്ദരമായിരുന്നെങ്കിലും കായലിലെ വെള്ളത്തിൽ പതുക്കെ നീങ്ങിയപ്പോൾ ഉണ്ടായിരുന്ന സൗന്ദര്യം അതിനപ്പോൾ ഇല്ലായിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒ. എൻ. വി. എഴുതിയ 'ഹേ, ശ്യാമസൂര്യ!' എന്ന മനോഹരമായ കാവ്യം വായിച്ച ഞാൻ പെട്ടെന്ന് ഓർമ്മിച്ചത് ഈ പൂർവകാല സംഭവമാണ്. സ്വർണ്ണമത്സ്യങ്ങളാണ് ഇതിലെ ആശയങ്ങൾ. അവ ലയത്തിന്റെ സ്ഫടികതുല്യമായ ജലത്തിൽകിടന്നു മെല്ലെ ചലനം കൊള്ളുമ്പോൾ എന്തെന്നില്ലാത്ത സൗന്ദര്യം. അവയെ ഗദ്യത്തിന്റെ കരയിലേക്കു പിടിച്ചിട്ടു. സൗന്ദര്യത്തിനു കുറവില്ല എങ്കിലും സ്വർണ്ണമത്സ്യത്തിനു സ്ഥാനം ജലമാണ്. അവിടെ അതു ചലനം കൊള്ളുന്നതു നോക്കൂ:

> നാഭിയിൽ സ്വർണ്ണം വിളയുന്നൊരീശ്വേത-
> നാഗരികതായക്ഷി പല്ലിറുമ്മുന്നു.
> ഇവിടെ വെള്ളിടി വെട്ടി നിന്ന നിരാർദ്രമാം
> ധവള മുകിൽനിര തീർത്ത മറകളഴിയുന്നു.
> ഇളയുടെ വെളിച്ചമായ്, മാറിലെച്ചൂടായ
> മിനിവരിക ഹേ ശ്യാമസൂര്യ!

ലയവും ആശയവും ഒരുമിച്ചു ചേരുമ്പോഴുണ്ടാകുന്ന ശോഭയാണ് ഇവിടെ പ്രാധാന്യമർഹിക്കുന്നത്. ഇത് ഈ കാവ്യത്തിനു മാത്രമല്ല, എല്ലാക്കാവ്യങ്ങൾക്കും ചേരുന്ന സാരസ്വത രഹസ്യമത്രേ.



നെൽസൺ മൻഡേല

ഈ ശ്യാമസുന്ദരൻ നെൽസൺ മൻഡേലയാണെന്ന് ഞാനെന്തിന് എടുത്തുപറയണം? ഇരുപത്തേഴു വർഷം മുൻപ് അദ്ദേഹത്തെ തടവറയിലാക്കിയ വെള്ളക്കാർ വിചാരിച്ചത് അദ്ദേഹം പ്രതിനിധാനം ചെയ്യു ആഫ്രിക്കൻ നേഷനൽ കോൺഗ്രസ്സിന്റെ സാർത്ഥകതയെ നശിപ്പിക്കണമെന്നാണ്. മഹാനായ ആ നേതാവിന്റെ ആത്മവീര്യം കെടുത്തിക്കളയാമെന്നാണ്. പക്ഷേ, സാർത്ഥകത വർദ്ധിച്ചതേയുള്ളു, ആത്മവീര്യം പൂർവാധികം ജ്വലിച്ചതേയുള്ളു. ഈ വർദ്ധനയെയും ജ്വലനത്തെയും അഭിവ്യഞ്ജിപ്പിച്ച് ഉദാത്തമായ കാവ്യം രചിച്ചിരിക്കുകയാണ് നമ്മുടെ കവി. മാത്രമല്ല, ആഫ്രിക്കയുടെ ആത്മാവ് ഭാരതത്തിന്റെ ആത്മാവുതന്നെയാണെന്ന് അദ്ദേഹം സ്പഷ്ടമാക്കുകയും ചെയ്യുന്നു. അതിനു വേണ്ടിയാണ് കവി മഹാത്മാഗാന്ധിയുടെ വിശിഷ്ടസേവനത്തെ മൻഡേലയുമായി, ആഫ്രിക്കയുമായി കൂട്ടിയിണക്കുന്നത്. ഉചിതജ്ഞതയാർന്ന യത്നം.

ശത്രു നമ്മുടെ രാജ്യം ആക്രമിക്കുമ്പോൾ കൈകൾ തോക്കെടുത്തില്ലെങ്കിൽ ആ കൈകൾ കൊണ്ടെന്തു പ്രയോജനം? സ്നേഹാധിക്യത്താൽ പേരക്കുട്ടി മുത്തച്ഛന്റെ ശരീരത്തിലേക്കു ചായുമ്പോൾ അതിനു വഴങ്ങിക്കൊടുത്തില്ലെങ്കിൽ ആ ശരീരം കൊണ്ട് എന്തു പ്രയോജനം? കാറ്റടിക്കുമ്പോൾ നെയ്ത്തിരി ദീപം ചാഞ്ഞും ചരിഞ്ഞും നിന്ന് സ്വന്തം അസ്തിത്വം നിലനിറുത്തിയില്ലെങ്കിൽ അതിന്റെ താൽക്കാലിക ജീവിതംകൊണ്ട് എന്തു പ്രയോജനം? കാമിനിയുടെ സൗന്ദര്യം കാമുകൻ കണ്ണുകൾകൊണ്ട് നുകർന്നില്ലെങ്കിൽ ആ കണ്ണുകൾകൊണ്ട് എന്തു പ്രയോജനം? മനോഹരമായ ഗാനമുയരുമ്പോൾ നർത്തകിയുടെ ചിലങ്കകൾ നാദമുയർത്തിയില്ലെങ്കിൽ ആ ചിലങ്കകൾകൊണ്ട് എന്തു പ്രയോജനം? ഇരുപത്തിയേഴുവർഷം തടവറയിലെ മലിനമായ വായു ശ്വസിച്ചും അതിനെക്കാൾ മലിനമായ ഭക്ഷണം കഴിച്ചും കിടന്ന മൻഡേല സ്വതന്ത്രനാകുമ്പോൾ ആഫ്രിക്കൻ ജനതയോടൊപ്പം നമ്മളും ആഹ്ലാദിച്ചില്ലെങ്കിൽ നമ്മുടെ ജീവിതം കൊണ്ടെന്തു പ്രയോജനം? കവി ഒ. എൻ. വി. ആഹ്ലാദിക്കുന്നു. ആ ആഹ്ലാദം അദ്ദേഹം നമുക്കുവേണ്ടി രൂപശില്പത്തികവോടെ, ഭാവാത്മകതയോടെ ആവിഷ്കരിക്കുന്നു.

പുതിയ നോവൽ



Alasdair Gray

ഇംഗ്ലീഷ് പുസ്തകങ്ങളുടെ പുറംചട്ടകളിൽ അച്ചടിച്ചുവരുന്ന സ്തുതിവചനങ്ങൾ ആ പുസ്തകങ്ങൾ വാങ്ങാനോ വായിക്കാനോ എന്നെ പ്രേരിപ്പിക്കാറില്ലെങ്കിലും ആ ഉണ്ടവർണ്ണനങ്ങൾ ആന്തണി ബർജിസ് (Burgess) മാൽകം ബ്രഡ്ബറി ഇവരിൽ നിന്നുണ്ടാകുമ്പോൾ ഞാനവ വിശ്വസിക്കാറുണ്ട്. എന്തു വിലകൊടുത്തും ഞാൻ ആ പുസ്തകങ്ങൾ വാങ്ങിവായിക്കാറുണ്ട്. അങ്ങനെ അടുത്തകാലത്ത് ഏതാണ്ട് നൂറ്റിനാല്പതു രൂപ കൊടുത്തു ഞാൻ മേടിച്ച് പ്രയാസപ്പെട്ടു വായിച്ച നോവലാണ് ഗ്രേയുടെ (Alasdair Gray) 'Lanark—A Life in 4 Books' എന്നത്. (പലഡിൻ പ്രസാധനം) Marvellously inventive novel has atlast come out of Scotland... it was time Scotland produced a shattering work of fiction in the modern idiom. This is it. എന്നു ബർജിസ്സ്, ശ്ലാഘിച്ചതു കൊണ്ടാണ് ഞാൻ ഇതിനായി എന്റെ പണം വ്യർത്ഥവ്യയം ചെയ്തത്. അൺതാങ്ക് എന്നൊരു സാങ്കല്പികനഗരത്തിൽ ലനർക് എന്നൊരു പൗരൻ താമസിക്കുന്നു. അയാൾക്കു തൊലിപ്പുറത്തു രോഗമുണ്ട്. പൗരന്മാർക്കു വിചിത്രങ്ങളായ രോഗങ്ങൾ വരുന്നു. അവർ ഞണ്ടുകളായി, കളയടുകളായി, രാക്ഷസന്മാരായി മാറുന്നു. ലനർക്കിന്റെ സംശയം താൻ പൂർവജന്മത്തിൽ വേറെയേതോ ജീവിയായിരുന്നു എന്നാണ്. ഒരു വെളിപാടു സ്ഥലത്ത് (Oracle) ചെന്ന് അയാൾ അന്വേഷിച്ചു നോക്കിയപ്പോൾ ഡങ്കൻ തൊ (Duncan Thaw) എന്നൊരു യുവാവിന്റെ ജീവിതം കാഴ്ചയെന്ന മട്ടിൽ അയാൾക്കു കിട്ടുന്നു. തൊയുടെ മരണത്തിനുശേഷം അയാൾ അൺതാങ്ക് നഗരത്തിൽ വീണ്ടും ജനിച്ച് ഭൂതകാല ജീവിതം പുനരാവിഷ്കരിക്കുന്നു. ലനർക് ഒരു യാത്ര നടത്തുന്നു. വളരെ വിചിത്രമായ ഒരു പട്ടണത്തിലാണ് അയാളെത്തുക. ഒരു രൂപം വന്ന് അയാളോടു പറയുന്നു: 'ഉച്ച കഴിഞ്ഞ് ഏഴു മിനിറ്റാകുമ്പോൾ നിങ്ങൾ മരിക്കും.' വീതി കുറഞ്ഞ ഇടനാഴിയിൽ ഒരമ്മയുടെ വീഴ്ചപോലെ, തന്റെ തോളിൽ പൊലീസുകാരന്റെ കൈയുടെ പതനംപോലെ അയാൾ ജീവിതത്തിലെപ്പോഴും ഇത് അറിഞ്ഞിരുന്നു. അല്ലെങ്കിൽ പ്രതീക്ഷിച്ചിരുന്നു. പേടിച്ച ജനക്കൂട്ടത്തിന്റെ ഗർജ്ജനംപോലെ ഒരു ശബ്ദം അയാളുടെ കാതിൽ നിറഞ്ഞു. അയാൾ മന്ത്രിച്ചു:

"മരണം സവിശേഷാവകാശമല്ല."

"എപ്പോൾ മരിക്കുമെന്ന് അറിയുന്നതു അവകാശമാണ്."

"പക്ഷേ, ഞാൻ... അനേകം മരണങ്ങളിൽക്കൂടി കടന്നു പോയതായി ഞാൻ ഓർമ്മിക്കുന്നു."

"അവയെല്ലാം അഭിനയ പരിശീലനങ്ങൾ മാത്രം. അടുത്ത മരണത്തിനുശേഷം വ്യക്തിപരമായി നിങ്ങളുടെ ഒന്നും അവശേഷിക്കില്ല."

കാഫ്കയുടെ നോവലുകളുടെ ഒരു ദുർബ്ബലാനുകരണമാണ് ഈ കൃതി. കാഫ്കാ നോവലുകൾ വായിക്കുമ്പോൾ നമ്മൾ സന്ത്രാസത്തിനു വിധേയരാവുന്നു. ഇവിടെ ആ അനുഭൂതിയില്ല. വാചികമായ ഉജ്ജ്വലതയാണ് ഇതിന്റെ സവിശേഷത. അത് ബുദ്ധിക്കു തൃപ്തിനല്കും. ഹൃദയത്തെ സ്പർശിക്കുകയില്ല. "Diseases identify people more accurately than variable factors like height, weight and hair colour". "He has a terrifying laugh, like the bark of an asthmatic sea lion and produces it unexpectedly for no reason at all". 'Metaphor is one of thought's most essential tools. It illuminates what would otherwise be totally obscure. But the illumination is sometimes so bright that it dazzles instead of revealing തുടങ്ങിയ വാച്യശോഭകൾ എവിടെയുമുണ്ട്. പക്ഷേ, ജീവിതത്തോടു ബന്ധമില്ലാത്ത ഈ verbal brilliance കൊണ്ട് എന്തു പ്രയോജനം? ഡാന്റേ, ജോയ്സ്, ഓർവെൽ, അൽഡസ് ഹക്സിലി, ഹിയറോനിമസ് ബോസ് (Hieronymus Bosch—ചിത്രകാരൻ) ഇവർക്കു സദൃശനാണത്രേ ഈ സ്കോട്ടിഷ് നോവലിസ്റ്റ് ഗ്രേ, ആവോ! എനിക്കു തോന്നുന്നതേ ഞാൻ എഴുതൂ. ബ്രഡ്ബറിയും ബർജിസ്സും ഇനി എന്തെഴുതിയാലും ഞാൻ വിശ്വസിക്കില്ലതാനും.

ഗ്രേയുടെ നോവലിൽ മൂന്നു തരത്തിലുള്ള സാഹിത്യമോഷണങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

1. Block Plagiarism—മറ്റൊരാളുടെ കൃതിയെ വ്യക്തമായ മുദ്രണ ഏകകമായി (typographical unit) അച്ചടിക്കുന്നത്.
2. Imbedded Plagiarism—മോഷ്ടിച്ച വാക്കുകളെ ആഖ്യാനത്തിനകത്തു ഒളിച്ചുവയ്ക്കുന്നത്.
3. Diffuse Plagiarism—പ്രകൃതിദൃശ്യങ്ങൾ, കഥാപാത്രങ്ങൾ, ക്രിയാംശങ്ങൾ, ദൃതനാശയങ്ങൾ ഇവയെ മൂലകൃതിയിലെ വാക്കുകൾ ഉപയോഗിക്കാതെ സ്വന്തം കൃതിയിൽ ചേർക്കുന്നത്. കേരളത്തിലെ എഴുത്തുകാർ മൂന്നു മോഷണങ്ങളിലും കൃതഹസ്തരാണ്.

ചോദ്യം, ഉത്തരം

ചോദ്യം: ഋജുതയോടെ എഴുതുന്നവൻ വക്രഗതിക്കാരനായിരിക്കുമോ? (ചോദ്യം സ്വന്തം)

ഉത്തരം: ഋജുതയുള്ള മനസ്സിൽനിന്ന് ഋജുതയാർന്ന രചനയേയുണ്ടാകൂ. 'രാമായണ'വും 'മഹാഭാരത'വും നോക്കുക. മഹർഷിമാരുടെ മനസ്സിൽനിന്നേ അത്തരം കാവ്യങ്ങൾ ഉണ്ടാകൂ.

ചോദ്യം: ടെലിവിഷൻ ദോഷം ചെയ്യുമോ? (സ്വന്തം ചോദ്യം)

ഉത്തരം: മിക്ക വീടുകളിലും മിടുക്കന്മാരായിരുന്ന കുട്ടികൾ ടെലിവിഷൻ വന്നതിനുശേഷം ഒട്ടും പഠിക്കാത്ത മണ്ടന്മാരായിപ്പോയിട്ടുണ്ട്. നൂറിൽ തൊണ്ണൂറു മാർക്ക് വാങ്ങിക്കൊണ്ടിരുന്ന എന്റെ ബന്ധുവായ ഒരു കുട്ടി ഇപ്പോൾ ഇരുപതു മാർക്കാണ് വാങ്ങുന്നത്. അച്ഛനമ്മമാർ ഉപദേശിച്ചാലും കുട്ടികൾ കേൾക്കില്ല. ടെലിവിഷനിലെ സെക്സിന്റെ അതിപ്രസരം പല കുട്ടികളേയും ചീത്തയാക്കിക്കഴിഞ്ഞു.

ചോദ്യം: ദുഃഖിക്കുമ്പോൾ ആശ്വാസമരുളുന്നത് ആര്?

ഉത്തരം: ഭാര്യ മാത്രം.

ചോദ്യം: വസ്ത്രം, ആഭരണം ഇവ കൊണ്ടു ശരീരം മോടിപിടിപ്പിക്കാതെ നടക്കുന്ന യുവതിയെ യുവാവ് ബഹുമാനിക്കുമോ?

ഉത്തരം: സ്വന്തം ഭാര്യയൊഴിച്ച് മറ്റു സ്ത്രീകൾ മോടിയായി നടക്കുന്നതു പുരുഷന് ഇഷ്ടമാണ്. ഭാര്യ ഒരുങ്ങുന്നതു ഭർത്താവിന് ഇഷ്ടമില്ല.

ചോദ്യം: നിങ്ങളുടെ ഈ പംക്തി എപ്പോഴെങ്കിലും നിങ്ങളെത്തന്നെ വേദനിപ്പിച്ചിട്ടുണ്ടോ?

ഉത്തരം: പ്രഗല്ഭന്മാർ ഇതിലെ തെറ്റു ചൂണ്ടിക്കാണിക്കുമ്പോൾ എനിക്കു വേദന തോന്നാറുണ്ട്. അപ്രഗല്ഭന്മാർ തെറ്റല്ലാത്തതു തെറ്റാണെന്നു പറയുമ്പോൾ എനിക്കു പുച്ഛമേയുള്ളു.

ചോദ്യം: എഴുത്തയയ്ക്കുന്നവർ പാലിക്കേണ്ട സാമാന്യമര്യാദകൾ എവ? (ചോദ്യം സ്വന്തം)

ഉത്തരം: കഴിയുന്നിടത്തോളം ഹ്രസ്വമായി എഴുതണം. കവർ ഒട്ടിക്കുമ്പോൾ അതിലെ പശ എഴുത്തിൽ പറ്റാതെയിരിക്കാൻ ശ്രദ്ധിക്കണം. എഴുത്തു കീറാതെ എടുക്കത്തക്കവിധത്തിൽ അതു മടക്കി കൂട്ടിനകത്തിടണം. ഗൾഫ് രാജ്യങ്ങളിൽനിന്ന് എനിക്കു കിട്ടുന്ന എല്ലാ എഴുത്തുകളും കവർ നിറഞ്ഞിരിക്കും. അകത്തെ കടലാസ്സ് കീറാതെ കവർ പൊട്ടിക്കാനൊക്കുകയേയില്ല.

ചോദ്യം: ടെലിവിഷന്റെ പരമാധികാരിയായി നിങ്ങളെ നിയമിച്ചാൽ എന്തു ചെയ്യും?

ഉത്തരം: ആളിനെ കാണിക്കാതെ ശബ്ദം മാത്രം കേൾപ്പിക്കുന്ന ഏർപ്പാടു നിറുത്തും. അസഹനീയമാണ് ശബ്ദം മാത്രം കേൾപ്പിക്കുന്നത്.

ചോദ്യം: പിശുക്കന്മാരെക്കുറിച്ച് നിങ്ങളുടെ മനോഭാവമെന്ത്?

ഉത്തരം: പുച്ഛം. അവർ സമ്പാദിച്ചുവയ്ക്കുന്നതൊക്കെ അവരുടെ സഹധർമ്മിണികൾ രഹസ്യമായി എടുത്ത് മരുമക്കൾക്കു കടിക്കാനായി പെൺമക്കൾക്കു കൊടുക്കും. അവരൊട്ട് അതറിയുകയുമില്ല. പക്ഷേ, കിട്ടുന്നതെല്ലാം ഉടനെ ചെലവാക്കി ഉയുന്ന എന്നോട് എനിക്കു തോന്നുന്ന പുച്ഛത്തെക്കാൾ വലുതല്ല പിശുക്കന്മാരോടു എനിക്കുള്ള പുച്ഛം. 'മൈസർ' (പിശുക്കൻ) 'സ്പെൻഡ് ത്രിഫ്റ്റ്' (ദീപാളിക്കാരൻ) ഇവരിൽ ഭേദം മൈസറാണ്.

ചോദ്യം: ഉഷ്ണിച്ചു വിയർത്തൊഴുകി വളരെ നേരമിരിക്കണമെങ്കിൽ എവിടെപ്പോകണം. (ചോദ്യം സ്വന്തം)

ഉത്തരം: ഡോക്ടറെ കാണാനായി അദ്ദേഹത്തിന്റെ ഭവനത്തിലെ വരാന്തയിൽ ഇരുന്നാൽ മതി. പല ഡോക്ടർമാരും വരാന്തയിൽ അല്ലെങ്കിൽ വെയിറ്റിങ് റൂമിൽ ഫാൻ ഘടിപ്പിച്ചിരിക്കില്ല.

ചോദ്യം: ദുഷ്ടന്മാരും തെമ്മാടികളും അവരുടെ ദുഷ്ടതയും തെമ്മാടിത്തവും അറിയാത്തതെന്ത്?

ഉത്തരം: പൊട്ടാസ്യം സൈനയിഡിന് അറിയാമോ അതു വിഷമാണെന്ന്. ഉപ്പിന് അറിയാമോ അതിനു ക്ഷാരത്വമുണ്ടെന്ന്.

ചോദ്യം: അച്ഛൻ മക്കളെ കൈയ്ക്കു പിടിച്ചു കല്യാണമണ്ഡപത്തിൽ കൊണ്ടുവരുന്നതെന്തിന്?

ഉത്തരം: പാവം കൊണ്ടുവരട്ടെ. അതാണ് അയാളുടെ അവസാനത്തെ അധികാരം കാണിക്കൽ.

എം. മുകുന്ദൻ



എം. മുകുന്ദൻ

ജീവിതം പട്ടുമെത്തയൊരുക്കി അതിൽ പനിനീർപ്പൂക്കളുടെ ഇതളുകൾ വിതറി നിങ്ങളെ കിടത്തി. കൂടെക്കിടന്ന് ചുവന്ന ചുണ്ടുകൾകൊണ്ട് കവിളിൽ സ്പർശിച്ച് 'സുഖമാണോ' എന്നു ചോദിക്കുമ്പോൾ സുഖമാണ്, സുഖമാണ് എന്നു മറുപടി പറയാറില്ലേ? ശയനീയത്തിന്റെ തലയ്ക്കൽ ഇരിക്കുന്ന സ്വർണ്ണദീപത്തിന്റെ തിരിയൊന്നു നീട്ടാനായി അവൾ എഴുന്നേല്ക്കുമ്പോൾ അവളുടെ ഭംഗികണ്ട് നിങ്ങൾ പുളകംകൊള്ളാറില്ലേ? തിരിനീട്ടിയിട്ടു അവൾ വീണ്ടും ശയനീയത്തെ സമീപിക്കുമ്പോൾ നിങ്ങൾ കൈകൾ വിടർത്തി അവളെ ആലിംഗനം ചെയ്തു സ്വീകരിക്കാൻ യതിക്കാറില്ലേ? അപ്പോൾ, ചില്ലയിൽ നിന്നു പൂ അടർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ ആ ചില്ല അല്പമൊന്ന് അകന്നിട്ട്[1] നിങ്ങളുടെ കൈകളിൽ വന്നമരുന്നതുപോലെ അവൾ തെല്ലു പിറകോട്ടു മാറിയിട്ടു ആ കൈകളിൽത്തന്നെ അമരാറില്ലേ?

1. ചില്ല പിറകോട്ടുപോയിട്ട് മുന്നോട്ടു വരുന്ന ഈ ആശയം യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിലുള്ളതാണ്.

ഇതൊക്കെ സ്വപ്നം. കിനാവാണെങ്കിൽ എന്താണ് യാഥാർത്ഥ്യം? ജീവിതത്തെസ്സംബന്ധിച്ച ആ യാഥാർത്ഥ്യമെന്തെന്ന് അറിയണമെങ്കിൽ എം. മുകുന്ദൻ കലാകൗമുദിയിലെഴുതിയ 'ചിന്താമഗ്നയായ കുഞ്ഞാപ്പു' എന്ന ചെറുകഥ വായിക്കണം. ചെറുപ്പത്തിൽ അയാൾ ലൈംഗികതയുടെ തടവറയിൽ. മോചനത്തിനുവേണ്ടിയുള്ള സന്ദർഭവും അയാൾ പാഴാക്കിക്കളയുന്നു. അധികാരിയുടെ സഹധർമ്മിണിക്കുള്ള മെയ്യഴക് അയാളെ ഉന്മാദത്തിലേക്ക് എറിയുന്നു. പക്ഷേ, അവൾ ഏതിനും സന്നദ്ധയായിട്ടും ഭീതത്വംകൊണ്ട് അഭിലാഷത്തിന്റെ സാഫല്യം വരുത്തുന്നില്ല അയാൾ.

കാലം കഴിഞ്ഞപ്പോൾ അയാൾക്കു കിട്ടിയതു വൈരസ്യത്തിന്റെ മൂർത്തിമദ്ഭാവമായ ഒരുത്തിയെ. അവരുടെ കുഞ്ഞുങ്ങളെല്ലാം പാഴായിപ്പോയി. അവശേഷിക്കുന്നത് നൈരാശ്യവും വിഷാദവും മാത്രം. ഇതാണ് യാഥാർത്ഥ്യം. ആദ്യം പറഞ്ഞത് കിനാവും. ഈ യാഥാർത്ഥ്യത്തെ മുകുന്ദൻ തന്റേതായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.

ഒരിക്കൽ ഒരു പൂന്തോട്ടത്തിലൂടെ ഞാൻ കാറിൽ നീങ്ങുകയായിരുന്നു. കാറോടിച്ചതു സുന്ദരിയായ തരുണി. ഉദ്യാനത്തിലെ റോസാപ്പൂക്കൾ കാറിന്റെ ഒരുവശത്തൂടെ എന്നെ തഴുകി. പൂന്തോട്ടം കടന്നു ഭവനത്തിന്റെ മുൻപിൽ വാഹനം ചെന്നു നിന്നിട്ടും എന്റെ ശരീരമാകെ പരിമളം. ജീവിതം ഇതുപോലെയാകണമെന്നാണ് നമ്മളുടെയെല്ലാം ആഗ്രഹം. പക്ഷേ, ആശയ്ക്കു സാഫല്യമില്ല. ചുട്ടു പഴുത്ത മണലിലൂടെ നടക്കാനാണ് വിധി.

റഷ്യ, ചൈന ഈ രാജ്യങ്ങളെ നോക്കൂ

സോവിയറ്റ് റഷ്യ, ചൈന ഈ രാജ്യങ്ങളിൽ നിന്നു പ്രസാധനം ചെയ്യുന്ന വാരികകളും മാസികകളും ഞാൻ കാണാറുണ്ട്. എല്ലാം ആകർഷകങ്ങളാണ്. ചൈനീസ് ലിറ്റ്റേച്ചർ, സ്പുട്നിക് (മോസ്കോ പ്രസാധനം) ഇവ നോക്കൂ. ആർട്ട് പേപ്പറിൽ മുദ്രണം. കവർ പെയ്ജുകൾ അതിസുന്ദരം. കമ്മ്യൂണിസം നിലവിലിരിക്കുന്ന രാജ്യങ്ങളിലും സൗന്ദര്യത്തിനാണ് പ്രാധാന്യം. ഈ സൗന്ദര്യത്തിലൂടെയുള്ള ആശയപ്രചാരണത്തിലാണ് അവർക്കു താല്പര്യം. ദൗർഭാഗ്യംകൊണ്ടു നമ്മുടെ ചില പ്രസാധനങ്ങൾ സൗന്ദര്യത്തിനല്ല വൈരൂപ്യത്തിനാണ് പ്രാമുഖ്യം കല്പിക്കുക. ജനയുഗം വാരികയുടെ പുറംചട്ട നോക്കുക. ഒരു പയ്യൻ കറ മിനെടുത്ത് ഒരുവശത്തേക്കു തലതിരിച്ചു നില്ക്കുന്നു. ബട്ടൺ പോലെയുള്ള പൊക്കിൾ കാണിക്കുന്ന അവൻ. വല്ല അണ്ടർ വെയറോ മറ്റോ വല്ല സ്ഥലത്തും ഉണ്ടെന്നേയുള്ളു. ആ ചിത്രം കണ്ടാൽ ബാലന്റെ ദുരവസ്ഥയ്ക്കു ഹേതുവായ വ്യവസ്ഥിതി മാറേണ്ടതാണെന്നു തോന്നൽ ആർക്കുമുളവാകുകയില്ല. അതിനുപകരം വെറുപ്പ്. തെറ്റിപ്പോയി. വെറുപ്പല്ല അറപ്പാണുണ്ടാകുന്നത്. ഈ അറപ്പ് സവിശേഷമായ ഒരു മാനസിക നില വായനക്കാരന് ഉളവാക്കി വാരിക വായിക്കുന്നതിൽനിന്ന് അയാളെ അകറ്റിക്കളയുന്നു. നമ്മളൊക്കെ ഇപ്പോഴും പഴയ കാലത്താണ് ജീവിക്കുന്നതെന്നേ പറയാനുള്ളു.

മുതലാളിത്തവ്യവസ്ഥിതിയും ബൂർഷ്വാസിയുടെ നൃശംസതയും എല്ലാവർക്കും അസഹനീയങ്ങളാണ്. അവയെ നിർമ്മാർജ്ജനം ചെയ്യാനുള്ള ഏതു യത്നവും സ്വാഗതാർഹമാണ്. പക്ഷേ, അതിനു ശ്രമിക്കുമ്പോൾ സൗന്ദര്യത്തെ ധ്വംസിച്ചുകൊണ്ടുള്ള 'റ്റിറനി' (Tyranny) കടന്നു വരരുത്. വന്നാൽ സഹതാപത്തിന്റെ നീർച്ചാല് ഉണ്ടാവുകയില്ല.

തൂക്കിക്കൊല്ലാൻവേണ്ടി തടവുമുറിയിൽ ഇട്ടിരിക്കുന്ന കൊലപാതകിക്ക് രോഗം വന്നാൽ വിദഗ്ദ്ധരായ ഡോക്ടർമാരെക്കൊണ്ട് സർക്കാർ അയാളെ ചികിൽസിപ്പിക്കും. അല്ലാതെ അയാളെ അങ്ങു ചാകാൻ അനുവദിക്കുകയല്ല ചെയ്യുന്നത്. ബഹുജനത്തിന്റെ മുൻപിൽ 'ഇതാ രോഗിയായ കൊലപാതകി' എന്നു പറഞ്ഞ് അയാളെ പ്രദർശിപ്പിക്കില്ല. ദാരിദ്ര്യമെന്ന രോഗം, ബുഭുക്ഷണമെന്ന രോഗം ചികിത്സിച്ചു മാറ്റൂ. അതുള്ളവരെ കവർ പെയ്ജിൽ നിറുത്തി കാഴ്ചക്കാർക്ക് അസ്വസ്ഥതയും വെറുപ്പും അറപ്പും ഉളവാക്കാതിരിക്കൂ. റഷ്യയേയും ചൈനയേയും നോക്കിപ്പഠിക്കൂ.

സംഭാഷണം

കഥാകാരനായ തുളസിയും വാരഫലക്കാരനും തമ്മിൽ സംഭാഷണം.

വാരഫലക്കാരൻ: തുളസി, ചങ്ങാതി, താങ്കളുടെ പേരു ദീപിക ആഴ്ചപ്പതിപ്പിൽ അച്ചടിച്ചുകണ്ടപ്പോൾ ഞാൻ എത്ര സന്തോഷിച്ചെന്നോ! ആ പേരിന്റെ താഴെയുള്ള കഥ ഇരുത്തു ഡ്രിയ്റ്—വിരസം—ആകമെന്നു ഞാൻ വിചാരിച്ചതേയില്ലല്ലോ.

തുളസി: നിങ്ങൾക്ക് ഒരു 'സെൻസിറ്റിവിറ്റി'യുമില്ലെന്ന് എനിക്കറിയാം. എങ്കിലും അതു ഇത്രത്തോളമാകാമോ?

വാരഫല: താങ്കൾ എന്താണ് എഴുതിവച്ചിരിക്കുന്നത്. ഒരോട്ടോറിക്ഷാക്കാരൻ പണിമുടക്കിയപ്പോൾ ഒരു ചെറുപ്പക്കാരൻ സൈക്കിൾ റിക്ഷാഡ്രൈവറെ അകത്തിരുത്തി റെയിൽവേ സ്റ്റേഷനിലേക്കു ചവിട്ടിപ്പോയെന്നല്ലേ? തിരിച്ചു ഭാര്യയുമായി വന്ന് അതേ റിക്ഷയിൽ കയറി ബസ്സ് സ്റ്റാൻഡിലെത്തിപോലും. റിക്ഷാക്കാരന് 15 രൂപ കൂലി. അതുവാങ്ങി അയാൾ കടിക്കാൻ പോയത്രേ. എന്തൊരു ചിന്താദാരിദ്ര്യവും ബുദ്ധിശൂന്യവും ഭാവനാരഹിതവുമായ കഥയാണിതു. തുളസി, എഴുതാൻ കഴിവുള്ള താങ്കൾ ഇങ്ങനെ അധഃപതിക്കുന്നതെന്തിന്?

തുളസി: നിങ്ങൾ വിദ്വേഷമുള്ളയാളാണ്.

വാരഫല: അതൊരു വിലകുറഞ്ഞ പ്രസ്താവം. ഒരുവിധത്തിലുള്ള കൃത്രിമത്വം ഇളവുവരെ സഹിക്കാം. ഇട്ടുന്ന ഷേർട്ട് പൂക്കൾ തുന്നിച്ചേർത്തു കിന്നരിവച്ചു പിടിപ്പിച്ചും മോടിയാക്കിക്കൊള്ളൂ. പക്ഷേ, ബഫൂണിന്റെ വേഷമാണിതെന്ന് അന്യരെക്കൊണ്ട് പറയിക്കത്തക്കവിധം ഷേർട്ടിനു കോമാളിത്തം വരുത്തരുത്.

തുളസി: (മിണ്ടാതിരിക്കുന്നു)

ജീർണ്ണപത്രങ്ങൾ

ആ മരത്തിലെ ഇല ഓരോന്നും ജീവനാർന്ന് അതിൽ നിന്നതാണ്. ഋതുവിനു മാറ്റം വന്നപ്പോൾ ഇലകളാകെ കൊഴിഞ്ഞു താഴെ വീണു. അവയുടെ പച്ചനിറം പോയി. ചിലതു ജീർണ്ണിച്ചു കഴിഞ്ഞു. ഇലകൾ ചിതറിക്കിടക്കുന്നിടത്തു ചെല്ലാൻ മടി. ചെന്നാൽ ഒരിലയിൽപ്പോലും കാലുതൊടാതെ നോക്കുന്നു. ഇതായിരുന്നില്ല സ്ഥിതി മരത്തിൽനിന്ന് അവ അന്തരീക്ഷത്തിനാകെ ഹരിതാഭ കൈവരുത്തിയപ്പോൾ. ഓരോ ഇലയെയും സ്പർശിക്കുന്നത് എത്ര സുഖം! അതിന്റെ മൃദുത്വം സുഖകരമായ ഒരനുഭൂതി പ്രദാനം ചെയ്യും. ചിതറി താഴെ വീണ ജീർണ്ണിച്ചതുകൊണ്ടുമാത്രം മനുഷ്യൻ അവയെ വെറുക്കുന്നു.

ഒരു കാലത്ത് ആ ഭവനം എത്ര മനോഹരമായിരുന്നു! അതിലേ പോകുന്നവർ അതിൽ നിന്നു കണ്ണെടുക്കുമായിരുന്നില്ല. അതിനകത്തു താമസിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നു കയറി അല്പനേരം ഇരുന്നാലെങ്കിലും മതിയായിരുന്നു എന്ന് അവർക്കു തോന്നി. കാലം കഴിഞ്ഞു. അതിൽ പാർത്തിരുന്നവർ എല്ലാക്കാലത്തേക്കുമായി യാത്രയായി. പിന്നീട് ബന്ധുക്കളുടെ തർക്കം. റിസീവർ ഭരണം. അടുത്തുനിന്ന മരങ്ങളുടെ വേരുകൾ സമാക്രമണം നടത്തി അസ്ഥിവാരം പൊളിഞ്ഞു. ഭിത്തികൾ വീണു, ചട്ടക്കൂടുകൾ പൊട്ടിച്ചിതറി. ഇന്ന് അതിന്റെ കാഴ്ച ജുഗുപ്സാവഹം. ആരും ആ അവശിഷ്ടങ്ങളുടെ സമീപത്തു പോലും പോകുന്നില്ല.

ചിതറിയ ജീർണ്ണിച്ച ഇലകളാണ് പൊട്ടിത്തകർന്ന ചെങ്കല്ലുകളാണ് മണിയൂർ ഇ. ബാലന്റെ 'അവളുടെ മുഖം' എന്ന കഥ (ദേശാഭിമാനി വാരിക). പെണ്ണു കാണാൻ പോകുന്ന ഒരുത്തൻ. അവളുടെ കവിളിൽ ഒരു പാട്. വിവാഹം ഉറപ്പിക്കുന്നതിനു മുൻപ് ഒന്നുകൂടെ കാണാമെന്നു കരുതി അയാൾ തീവണ്ടിയിൽ കയറുന്നു. തീവണ്ടിയിൽ ഒരു സുന്ദരിയായ യുവതിയും അവളുടെ വിരൂപനായ ഭർത്താവും. അവർ തമ്മിൽ വഴക്കുകൂടി. ഭർത്താവ് അവളെ തീവണ്ടിയിൽനിന്നു പിടിച്ചു വെളിയിലേക്കു തള്ളുന്നു. അവളുടെ മൃതദേഹത്തിനുചുറ്റും ആളുകൾ കൂടുമ്പോൾ ഭർത്താവ് അപരാധം ചെയ്യാത്ത അയാളെച്ചൂണ്ടി 'ഇയാൾ വണ്ടിയിൽനിന്ന് അവളെ പിടിച്ചു തള്ളിയിതാ' എന്നു പറയുന്നു. പൊലീസ് അയാളെ അറസ്റ്റ് ചെയ്യുന്നു.

എന്തൊരു കഥ! ചെറുകഥ പച്ചനിറമാർന്ന ഇലകളോടു നില്ക്കുന്ന മനോഹരമായ വൃക്ഷമാണ്. കെട്ടുറപ്പുള്ള ഭവനമാണ്. നമ്മുടെ കഥാകാരൻ സംഭവപത്രങ്ങളുടെ നാലുപാടും ചിതറുന്നു. സംഭവങ്ങളായ ചട്ടക്കൂടുകളെ വ്യവസ്ഥയില്ലാതെ വലിച്ചെറിയുന്നു. മണിയൂർ ഇ. ബാലനിൽ നിന്ന് ചൈതന്യമുള്ള വൃക്ഷം കിട്ടാൻ, മനോഹരമായ ഭവനം ലഭിക്കാൻ വായനക്കാരായ ഞങ്ങൾ എന്തു ചെയ്യണം? ഒരു വസ്തുത കൂടി. വർഷങ്ങളായി ഞാൻ ഈ ചീഞ്ഞ ഇലകളെ കാണുന്നു. തകർന്ന കല്ലുകളെ കാണുന്നു. ഒരു വിധത്തിൽ ദ്രഷ്ടാക്കൾക്ക് അസ്വസ്ഥതയുളവാക്കാൻ ഈ എഴുത്തുകാരന് എന്തധികാരം?

1. "അവൾ എനിക്കായി ഉണ്ടാക്കിയ കെയ്ക്ക് എന്നെ കടിച്ചു. എനിക്ക് കണ്ണീർ വരുന്നതുവരെ".
2. അവൾ എനിക്കുവേണ്ടിയുണ്ടാക്കിയ കിടക്കയ്ക്കു കാഠിന്യം കൂടിപ്പോയതുകൊണ്ട് ഞാൻ മരണപ്രായനായി.
3. എനിക്കായി അവൾ അലക്കിയെടുത്ത ഷേർട്ട് കൈകൾ മടക്കി എന്നെ അതിനകത്ത് ബന്ധിച്ചു.
4. തിളക്കം കൂട്ടുന്നതു വരെ കണ്ണാടി അവൾ തുടച്ചു മിനുക്കിയതുകൊണ്ട് എനിക്ക് കാണാൻ വയ്യാതെയായി.
5. അവൾ തറ മിനുസപ്പെടുത്തിയതുകൊണ്ട് എന്റെ കാലുകൾ മുട്ടുവരെ അതിൽ താണുപോയി

(Lanark എന്ന നോവലിൽനിന്ന്). നമ്മുടെ കഥാകാരന്മാർ കഥയെഴുതിയെഴുതി നമ്മളെ അതിൽ ആമജ്ജനം ചെയ്യിച്ച് നിഗ്രഹിക്കുന്നു.

ഗ്രാൻമയും മാർകേസും



മാർകേസ്

വായിക്കേണ്ട പത്രമാണ് ക്യൂബയിൽ നിന്ന വരുന്ന 'ഗ്രാൻമ'. നോബൽ സമ്മാനം വാങ്ങിയ മാർകേസ് അതിൽ കൂടക്കൂടെ എഴുതാറുണ്ട്. വായിച്ച പുസ്തകം വീണ്ടും വായിച്ചാൽ ചിലപ്പോൾ മോഹഭംഗമാവും ഫലമെന്ന് അദ്ദേഹം 'What Book Are You Reading' എന്ന ലേഖനത്തിൽ (May 14, 1989). സവിശേഷ നിമിഷത്തിൽ നമ്മെ ആഹ്ലാദാതിരേകത്തിൽ എത്തിച്ച ഗ്രന്ഥകാരന്മാർ രണ്ടാമത്തെ വായനയിൽ സഹിക്കാൻ വയ്യാത്തവരാകും. നിങ്ങൾ വിവാഹം കഴിക്കാതെ, ഒത്തിച്ച് താമസിച്ച് വാർദ്ധക്യത്തിലേക്ക് എത്താത്ത, സ്വഭാവനന്മകളും (മുഖത്ത്) ച്ചുളിവുകളും പങ്കുവയ്ക്കാനാവാത്ത ഹൈസ്കൂൾ കാമുകിയെ പെട്ടെന്നു വഴിക്കുവച്ചു കാണുന്നതുപോലെയാണത്. (നോബൽ സമ്മാനം നേടിയ നോവലിസ്റ്റ്) ഫോക്നർ വെറും 'റ്റൈറീഷ്യൻ' (വാചാലതയാർന്നവൻ) ആണെന്നും വർഷങ്ങൾ കഴിയുമ്പോൾ അദ്ദേഹത്തെ ആർക്കും സഹിക്കാനാവുകയില്ലെന്നുമാണ് മാർകേസിന്റെ മതം.

ഹെമിങ്‌വേ

Hemingway My Way എന്ന മറ്റൊരു ലേഖനത്തിൽ (ഒക്ടോബർ 29, 1989) ഹെമിങ്‌വേയുടെ പ്രതിഭയെ അംഗീകരിച്ചുകൊണ്ട് മാർകേസ് പറയുന്നത് അദ്ദേഹം സ്വന്തം പരിധികളെ ലംഘിച്ചു ചെന്നു എന്നാണ്. അതുകൊണ്ടാണ് മറ്റുള്ള എഴുത്തുകാരിൽ കാണാനാവാത്ത 'അധികപ്പറ്റ്' അദ്ദേഹത്തിൽ ദൃശ്യമാകുന്നത്. ഹെമിങ്‌വേയുടെ നോവലുകൾ അദ്ദേഹത്തിന്റെ ചെറുകഥകൾ വലിപ്പം പ്രാപിച്ചവയാണ്. അതിൽ അദ്ദേഹം ധാരാളം കാര്യങ്ങൾ കത്തിച്ചുവെച്ചു. ഈ കാലഘട്ടത്തിലെ അത്യുന്നതനായ എഴുത്തുകാരൻ ബോർഹേസിനും ഈ പരിമിതികൾ ഉണ്ടായിരുന്നു. പക്ഷേ, അവയെ അതിലംഘിച്ചു ചെല്ലാതിരിക്കാനുള്ള ബുദ്ധിശക്തിയാൽ അദ്ദേഹം അനുഗൃഹീതനായിരുന്നു.

ഇമ്മാതിരിയുള്ള ലേഖനങ്ങൾ ഇന്ത്യയിലെ പത്രങ്ങൾ ഗ്രാൻമയുടെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് എനിക്കു തോന്നുന്നു. അതിനുപകരം അവർ ചെയ്യുന്നത് കാശിനു കൊള്ളാത്ത ഇന്ത്യൻ പുസ്തകങ്ങളുടെ കെങ്കേമങ്ങളായ 'റെവ്യൂ'കൾ അച്ചടിച്ചു വിടുക എന്നതാണ്. ഭാരതി മുഖർജി, ശശി തരൂർ, അമിതാവ് ഘോഷ് ഇവരുടെ പരട്ടപ്പുസ്തകങ്ങളെ നോബൽ സമ്മാനാർഹങ്ങളായി അവതരിപ്പിച്ചതും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതും വായനക്കാർ ഓർമ്മിക്കുമല്ലോ.

യൂണിവേഴ്സിറ്റി കോളേജിൽ അഡ്മിഷന് അപേക്ഷിച്ച ഒരു കുട്ടി ഫിസിക്സ്, കെമിസ്ട്രി എന്നൊക്കെ ഐച്ഛികവിഷയങ്ങളായി കാണിച്ചിട്ട് 'അറ്റകൈയ്ക്ക്' atleast Malayalam എന്നെഴുതിയതായി ഒ. എൻ. വി. ഒരിക്കൽ എന്നോടു പറഞ്ഞു. ഇങ്ങനെ അറ്റ്‌ലീസ്റ്റ് മലയാളം പഠിച്ച് ജയിച്ചിട്ടു ലക്ചററായി സിനിയോരിറ്റിയുടെ പേരിൽ പ്രൊഫസർമാർ ആകുന്നവർ പെട്ടെന്നു നോവലിസ്റ്റുകളും നിരൂപകരും ആവും. അവരെഴുതുന്ന നോവലുകൾക്കും നിരൂപണങ്ങൾക്കും ഭയജനകങ്ങളായ രൂപങ്ങളാവും ഉണ്ടാവുക. "അപ്പോൾ നിങ്ങളോ" എന്നു ചിലർ എന്നോടു ചോദിക്കും. ഞാൻ മിടുക്കനായി ഭാവിക്കുകയില്ല. ബി. എസ്സിക്കു കെമിസ്ട്രി മെയിൻ വിഷയമായി സ്വീകരിച്ചു വളരെക്കാലം പഠിച്ച എന്നെ മലയാളം പഠിക്കാൻ വിളിച്ചുകൊണ്ടുപോയി ഡോക്ടർ ഗോദവർമ്മ. അങ്ങനെയാണ് ഞാൻ മലയാളം പ്രൊഫസർ ആയിപ്പോയത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.